നിയും, പാങ്ങോട് പഞ്ചായത്തിലെ മൂന്നുമുക്ക് മൂലപ്പേഴ് ഹരിജൻ കോളനിയും, കാക്കാഞ്ഞിക്കര ഏഴുകുടി പാലുവള്ളി ഹരിജൻ കോളനിയും വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികളാണ് ബോർഡ് വൈദ്യുതീകരിക്കുന്നത്. പരാമർശിച്ചിട്ടുള്ള കോളനികളൊന്നും വർക്കിംഗ് ഗ്രൂപ്പ് ശുപാർശകം ചെയ്തിട്ടില്ല. ശുപാർശ ലഭിച്ചാൽ വൈദ്യുതീകരണത്തിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

ചാളക്കുന്ന് ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിനുള്ള നടപടി

1237. [2214] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര പഞ്ചായത്തിലെ ചാളക്കുന്ന് ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്ന ഹരിജൻ കോളനികളാണ് ബോർഡ് വൈദ്യുതീകരിക്കുന്നത്. ചാളക്കുന്ന് ഹരിജൻ കോളനി വൈദ്യുതീകരിക്കാനുള്ള ശുപാർശ വർക്കിംഗ് ഗ്രൂപ്പ് ഇതുവരെ നൽകിയിട്ടില്ല.

പാറപ്പുറം ഹരിജൻ കോളനി വൈദ്യുതീകരിക്കുവാൻ നടപടി

1238 [2215] ശ്രീ. എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര പഞ്ചായത്തിലെ പാറപ്പുറം ഹരിജൻ കോളനി വൈദ്യുതീകരിക്കുവാൻ ഗവൺമെൻറ് നടപടി കൈക്കൊള്ളുമോ?

ഉത്തരം

ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്ന ഹരിജൻ കോളനികളാണ് ബോർഡ് വൈദ്യുതീകരിക്കുന്നത്. പാറപ്പുറം ഹരിജൻ കോളനി വൈദ്യുതീകരിക്കാൻ ഇതുവരെ ശുപാർശ ബോർഡിനു ലഭിച്ചിട്ടില്ല.

വാമനപുരം മണ്ഡലത്തിലെ വോൾട്ടേജ് കുറവ്

1239 [2217] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിലെ പാവുവള്ളി—വാഴത്തോപ്പ്, പച്ച, പാട്ടറ—പഴവിള തുടങ്ങിയ സ്ഥലങ്ങളിലെ വോൾട്ടേജ് കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരമായി ട്രാൻസ്ഫോർമർ മാറ്റിവയ്ക്കുന്ന നടപടി ഉടൻ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രശ്നം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുടയിൽ കെ.എസ്.ഇ.ബി. സർക്കിൾ ഓഫീസ്

1240 [2220] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

ഇരിങ്ങാലക്കുടയിൽ കെ. എസ്. ഇ. ബോർഡിന്റെ സർക്കിൾ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ബോർഡിന്റെ സർക്കിൾ ഓഫീസ് ഇരിങ്ങാലക്കുടയിൽ ആരംഭിക്കേണ്ടതുണ്ടെന്ന് തല്ക്കാലം ബോർഡ് കരുതുന്നില്ല.

തിരുവനന്തപുരം മൃഗശാലാ വളപ്പിലെ കുട്ടികളുടെ 'ട്രെയിൻ'

1241. [2221] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. പി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ;

(എ) തിരുവനന്തപുരം മൃഗശാലാവളപ്പിലുള്ള കുട്ടികളുടെ 'ട്രെയിൻ' എന്നുമുതൽ പ്രവർത്തനരഹിതമായി;

(ബി) ഇതിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 1975 സെപ്റ്റംബർ മാസം മുതൽ എഞ്ചിൻ കേടായതുകൊണ്ട് പ്രവർത്തനരഹിതമായി.

(ബി) ഈ തീവണ്ടി നിർമ്മിച്ചത് നോർത്തേൺ റെയിൽവെയിലെ കലഷാഗ് വർക്കുഷോപ്പിലാണ്. ഇതേ രീതിയിലുള്ള വളരെ കുറച്ച് വണ്ടികൾ മാത്രമേ അവർ നിർമ്മിച്ചിട്ടുള്ളൂ. ആയതിനാൽ സ്പെയർ പാർട്ടുകൾ ലഭ്യമല്ല. റിപ്പയർ ചെയ്യുന്നതിനായി സതേൺ റെയിൽവേയിലെ മെക്കാനിക്കൽ വിഭാഗം 1-2-1984-ൽ തീവണ്ടി പരിശോധിക്കുകയും, വളരെ ചെലവുള്ള ഈ ട്രെയിൻ പ്രവർത്തിപ്പിക്കുന്നത് ലാഭകരമല്ലെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. കൂടാതെ റെയിൽ പാളവും ഉപയോഗശൂന്യമായ സ്ഥിതിയിലാണ്. ഈ തീവണ്ടി പക്ഷികളെ പാർപ്പിച്ചിരിക്കുന്ന രണ്ടു കൂളങ്ങളെ ചുറ്റിയാണ് സഞ്ചരിച്ചുകൊണ്ടിരുന്നത്. തീവണ്ടിയുടെ ശബ്ദം കേൾക്കുന്നതു പേടിച്ച്, പറക്കാനും അരയന്നം പോലുള്ള വിലയേറിയ പക്ഷികൾ നഷ്ടമാകാനും സാദ്ധ്യതയുണ്ട്. ഈ കാരണങ്ങൾകൊണ്ട് തീവണ്ടി തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly